**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 944 — 11.03.2015 -ൽ മറുപടിക്ക്

## എംപ്ലോയ്‌മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം അംഗപരിമിതരെ സ്ഥിരപ്പെടുത്തൽ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. റോഷി അഗസ്റ്റിൻ**<br>**ഡോ.എൻ. ജയരാജ്**<br>**ശ്രീ. എം.വി.ശ്രേയാംസ് കുമാർ**<br>**ശ്രീ. പി.സി. ജോർജ്** | **ശ്രീ.ഷിബു ബേബി ജോൺ**<br>**(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)** |
| **(എ)** എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം താൽക്കാലിക ജോലി ചെയ്തിരുന്ന അംഗപരിമിതരെ അവസാനമായി സ്ഥിരപ്പെടുത്തിയത് എന്നാണെന്ന് വ്യക്തമാക്കുമോ ; | **(എ)** സർക്കാർ ഉത്തരവ് 40/13 സാമൂഹ്യനീതി വകുപ്പ് തീയതി 18.05.2013 പ്രകാരം 16.08.1999 മുതൽ 31.12.2003 വരെ 179 ദിവസം താത്ക്കാലിക ജോലി ചെയ്ത അംഗപരിമിതരെയാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്. |
| **(ബി)** സ്ഥിരനിയമനത്തിനു അർഹരായ അംഗപരിമിതരെ നിയമിക്കുന്നതിന് തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നവർ എത്രപേരാണ്; | **(ബി)** അഡീഷണൽ ലിസ്റ്റ് ഉൾപ്പെടെ 2677 പേർ ഉൾപ്പെട്ടിരുന്നു. |
| **(സി)** യഥാസമയം അപേക്ഷ നൽകാൻ കഴിയാതിരുന്നതുമൂലം ലിസ്റ്റിൽ ഉൾപ്പെടാതെ പോയവരുടെ വിവരങ്ങൾ ലഭ്യമാണോ; വിശദാംശങ്ങൾ നൽകുമോ? | **(സി)** യഥാസമയം അപേക്ഷ നൽകാൻ കഴിയാത്ത 40 ഓളം പേർ ഉണ്ടായിരുന്നു. അവർ അപേക്ഷ നൽകിയതിൻ പ്രകാരം ലിസ്റ്റിൽ ഉൾപ്പെടുത്തി ജില്ലാ, ടൗൺ എംപ്ലോയ്മെന്റ് ഓഫീസർമാർ അതാത് ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ